"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതിവകുപ്പ് - കേരളസംസ്ഥാന വികലാംഗക്ഷേമ കോർപറേഷനിൽ താൽകാലിക വ്യവസ്ഥയിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമനംലഭിച്ചവരിൽ റെഗുലറൈസ് ചെയ്യപ്പെട്ട ജീവനക്കാർക്ക് സേവനാനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.9/2024/SJD തീയതി,തിരുവനന്തപുരം, 01-08-2024

---

പരാമർശം:-

1. 10.01.2020-ലെ സ. ഉ. (കൈ) നമ്പർ. 2/2020/സാ.നീ.വ സർക്കാർ ഉത്തരവ്.
2. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.05.2020, 24.12.2021, 12.07.2022, 22.12.2022, 25.08.2023 എന്നീ തിയതികളിലെ-ലെ 25/2020/എ.4/വി.ക്ഷേ.കോ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനായി അംഗീകൃത സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സാഹചര്യം പരിഗണിച്ച് മാനുഷികപരിഗണന നൽകി 18 വർഷം മുതൽ 31 വർഷം വരെ താൽക്കാലിക/കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ടി കോർപ്പറേഷനിൽ സേവനമനുഷ്ഠിച്ചിരുന്ന 6 ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെ 13 താൽക്കാലിക ജീവനക്കാരെ ടി കോർപ്പറേഷന്റെ 9-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള 8,500-13,210 രൂപ ശമ്പള സ്കെയിലിൽ വർക്കർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തികകളിൽ റഗുലറൈസ്ചെയ്ത് പരാമർശം 1-പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ടി ജീവനക്കാർക്ക് മറ്റ് ജീവനക്കാർക്ക് അനുവദിക്കുന്ന സർവ്വീസ് ആനുകൂല്യങ്ങളായ അവധി, യാത്രബത്ത, ദിനബത്ത, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, ഇൻക്രിമെന്റ് എന്നിവ അനുവദിച്ചിട്ടില്ലെന്നും അവ അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് പരാമർശം 2-പ്രകാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1-ലെ ഉത്തരവിൻപ്രകാരം കേരളസംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ സൂപ്പർന്യൂമററി

തസ്തികയിൽ റെഗുലറൈസ് ചെയ്യപ്പെട്ട 13 ജീവനക്കാർക്ക് ചുവടെപ്പറയുന്ന സേവനാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. <u>യാത്രബത്ത, ദിനബത്ത, മെഡിക്കൽ-റീ- ഇംപേഴ്സ്മെന്റ്</u>

കേരളസംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ സ്ഥിരപ്പെടുത്തപ്പെട്ട ജീവനക്കാർക്ക് ബാധകമാകുന്ന വ്യവസ്ഥകൾ ബാധകമാണ്.

ii. <u>വാർഷിക ഇൻക്രിമെന്റ്</u>

20.06.2019 തീയതിയിലെ സ. ഉ. (പി) നമ്പർ. 70/2019/ധന ഉത്തരവിൽ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമിതരാകുന്ന ജീവനക്കാർക്ക് റഗുലർ നിയമനം ലഭിക്കുന്നതിനുമുമ്പ് ഇൻക്രിമെന്റ് അനുവദിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ കേരളസംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ സൂപ്പർന്യൂമററി നിയമനംലഭിച്ച ജീവനക്കാർക്കും ബാധകമാക്കാവുന്നതാണ്. അതായത്, സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിചെയ്യാൻ ആരംഭിച്ചതീയതി മുതൽ ഒരു വർഷം പൂർത്തിയാകുന്ന മാസം ഒന്നാംതീയതി പ്രാബല്യത്തിൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം-1 ചട്ടം 33-ലെ വ്യവസ്ഥകൾക്കുവിധേയമായി വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണ്.

iii. <u>അവധി/ലീവ് സറണ്ടർ</u>

കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി അനുകൂലമാണെങ്കിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ സ്ഥിരപ്പെടുത്തപ്പെട്ട ജീവനക്കാർക്കുള്ള ലീവ് സറണ്ടർ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്. സാമ്പത്തികസ്ഥിതി അനുകൂലമല്ലായെങ്കിൽ അവധിയാനുകൂല്യങ്ങളിൽ ആവശ്യമായ കുറവുവരുത്തേണ്ടതാണ്. മറ്റ് അവധി ആനുകൂല്യങ്ങൾ 26.08.2022 ലെ സ. ഉ (പി) നമ്പർ. 97/2022/ധന ഉത്തരവ് പ്രകാരം അനുവദിക്കാവുന്നതാണ്.

iv. <u>പെൻഷൻ പ്രായപരിധി</u>

സ. ഉ (സാധാ) നമ്പർ. 439/2021/സാ.നീ.വ തീയതി 25.06.2021 പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ആയി നിജപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സൂപ്പർന്യൂമററി നിയമനം ലഭിച്ച ജീവനക്കാർക്കും വിരമിക്കൽ പ്രായം 58 വയസ്സായി നിജപ്പെടുത്താവുന്നതാണ്. പ്രസ്തുത ജീവനക്കാർക്ക് ഇ.പി.എഫ് പെൻഷൻ ബാധകമായിരിക്കും.

v. <u>നിരീക്ഷണകാലം</u>

കേരളസംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ സ്ഥിരപ്പെടുത്തപ്പെട്ട ജീവനക്കാർക്കുള്ള വ്യവസ്ഥകൾ ബാധകമാണ്.

vi. <u>സീനിയോറിറ്റിയും/പ്രൊമോഷനും</u>

സൂപ്പർന്യൂമററി തസ്കികയിൽ നിയമിക്കപ്പെട്ട് ടി തസ്തികയിൽനിന്നുതന്നെ വിരമിക്കുന്ന സാഹചര്യത്തിൽ സീനിയോറിറ്റിക്കും പ്രൊമോഷനും അഹതയുണ്ടായിരിക്കുന്നതല്ല.

vii. അച്ചടക്കനടപടി

കേരളസംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ സ്ഥിരപ്പെടുത്തപ്പെട്ട ജീവനക്കാർക്ക് ബാധകമാക്കുന്ന വ്യവസ്ഥകൾ ബാധകമാണ്.

4. കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാർക്ക് അനുവദിക്കുന്ന അവധിയാത്രബത്ത, വാർഷിക ഇൻക്രിമെന്റ്, സറണ്ടർ എന്നിവ പ്രസ്തുത സൂപ്പർന്യൂമററിയായി സർവ്വീസിൽ റെഗുലറൈസ് ചെയ്യപ്പെട്ട ജീവനക്കാർക്ക് അനുവദിക്കുമ്പോൾ അധികസാമ്പത്തിക ബാധ്യത കോർപ്പറേഷന്റെ തനതു ഫണ്ടിൽനിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷൻ, പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരളം,
തിരുവനന്തപുരം.
ധനകാര്യ (പി.യു.സി.4) വകുപ്പ് (പ്രസ്തുത വകുപ്പിന്റെ 18.07.2024-ലെ 1553129/
പി.യു.സി.4/87/2020/ധന നമ്പർ കുറിപ്പിൻ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ
വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 01-08-2024 10:44:20